# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം
2013 ജൂൺ 11, ചൊവ്വ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി |
| സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി |

### ഭവനനിർമ്മാണ വായ്പ എഴുതിത്തള്ളാൻ നടപടി

*31 ശ്രീ. റോഷി അഗസ്റ്റിൻ
,, എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ ബോർഡിൽനിന്ന് ഭവനവായ്പയെടുത്തിട്ട് തിരിച്ചടയ്ക്കാൻ സാധിക്കാതെ കടക്കെണിയിൽപ്പെട്ടിട്ടുള്ളവരുടെ കടം എഴുതിത്തള്ളാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര തുകയുടെ കടങ്ങൾ ഈ ഇനത്തിൽ എഴുതിത്തള്ളിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ഭവനരഹിതർക്ക് ഉപഭോക്തൃവിഹിതം കൂടാതെ തന്നെ സംസ്ഥാന നിർമ്മിതി കേന്ദ്രം വഴി ഭവനം നിർമ്മിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>അന്തർ സംസ്ഥാന സർവ്വീസ്</u>

*32 ശ്രീ. കെ.എൻ.എ. ഖാദർ
,, എൻ. എ. നെല്ലിക്കുന്ന്
,, എൻ. ഷംസുദ്ദീൻ
,, എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന സർവ്വീസ് നടത്തുന്നതിനുള്ള റൂട്ട് പെർമിറ്റ് സംബന്ധിച്ച് ഏതെല്ലാം അയൽ സംസ്ഥാനങ്ങളുമായി ധാരണയുണ്ടാക്കിയിട്ടുണ്ട്;

(ബി) ഓരോ സംസ്ഥാനവുമായി ഉണ്ടാക്കിയിട്ടുള്ള ധാരണയുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഇതുപ്രകാരം സംസ്ഥാനം എല്ലാ റൂട്ടുകളിലും സർവ്വീസ് നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ നടത്താത്ത സർവ്വീസുകളുടെ വിവരവും, കാരണവും വിശദമാക്കുമോ;

(ഡി) ഇപ്പോൾ നടത്തുന്ന സർവ്വീസുകൾ ലാഭകരമാണോ എന്നതിന്റെ വിശദവിവരം നൽകാമോ?

# കേരള നിയമസഭ
# 11.06.2013-ലെ മറുപടിക്ക്

കായംകുളം വൈദ്യുതി നിലയം

*33 ശ്രീ. സി. കെ. സദാശിവൻ
,, എ. കെ. ബാലൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളത്ത് പണി പൂർത്തിയായി വരുന്ന എൽ.എൻ.ജി. ടെർമിനൽ ഉപയോഗപ്പെടുത്തിക്കൊണ്ട് എത്ര വൈദ്യുത പദ്ധതികളാണ് ഉദ്ദേശിക്കുന്നത്;

(ബി) കായംകുളം പദ്ധതി വിപുലീകരണത്തിന് എൽ.എൻ.ജി. ഉപയോഗിക്കുന്നുണ്ടോ; നിലവിൽ വിപുലീകരണത്തിന് തടസ്സങ്ങളുണ്ടോ; വിശദമാക്കുമോ;

(സി) കായംകുളം പദ്ധതിയിൽ നിന്നും വിലകൂടിയ വൈദ്യുതി എടുക്കുന്നതിന് വരുന്ന നഷ്ടം നികത്തുന്നതിന് പകരമായി കേന്ദ്ര സർക്കാർ നൽകിയിരുന്ന സ്പെഷൽ അലോക്കേഷൻ നിലവിലുണ്ടോ;

(ഡി) സ്പെഷൽ അലോക്കേഷന്റെ വ്യവസ്ഥ എൻ.ടി.പി.സി. യുമായി പുതുക്കിയ കായംകുളം കരാറിൽ ഉൾപ്പെടുത്തുയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണമെന്തെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ഐ. ടി. വ്യവസായ വികസനത്തിനുള്ള പദ്ധതികള്‍

*34 ശ്രീ. സി. പി. മുഹമ്മദ്
,, സണ്ണി ജോസഫ്
,, വര്‍ക്കല കഹാര്‍
,, കെ. ശിവദാസന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഐ. ടി. വ്യവസായ വികസനത്തിനും പ്രോത്സാഹനത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള കര്‍മ്മപദ്ധതികള്‍ എന്തെല്ലാമാണ്;

(ബി) ഇതിനായി സ്വകാര്യ ഐ. ടി. പാര്‍ക്കുകള്‍ക്ക് ഏകജാലക സംവിധാനം ഏര്‍പ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(സി) ഐ. ടി. നയമനുസരിച്ച് എന്തെല്ലാം ഇളവുകളാണ് സ്വകാര്യ ഐ. ടി. പാര്‍ക്കുകള്‍ക്ക് നല്‍കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചു; വിശദാംശങ്ങള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

**കെ.എസ്.ആര്‍.ടി.സി.ക്ക് ഫ്രഞ്ച് ഡെവലപ്മെന്റ് അതോറിറ്റിയില്‍ നിന്നും വായ്പ**

*35 ശ്രീ. സി. കൃഷ്ണന്‍
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. കെ.വി. വിജയദാസ്
ഡോ. കെ.ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കുറഞ്ഞ പലിശ നിരക്കില്‍ കെ.എസ്.ആര്‍.ടി.സി.ക്ക് വായ്പ നല്‍കാന്‍ ഫ്രഞ്ച് ഡെവലപ്മെന്റ് അതോറിറ്റി തയ്യാറായിട്ടുണ്ടോ; എങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(ബി) ഇക്കാര്യത്തില്‍ ഫ്രഞ്ച് ഡെവലപ്മെന്റ് അതോറിറ്റി സര്‍ക്കാരുമായി എന്തെങ്കിലും ചര്‍ച്ച നടത്തിയിട്ടുണ്ടോ;

(സി) കൊച്ചി മെട്രോ പദ്ധതിക്കായി ധനസഹായം നല്‍കുന്ന അതേ മാനദണ്ഡത്തില്‍ കെ.എസ്.ആര്‍.ടി.സി.ക്കും വായ്പ നല്‍കുവാന്‍ ചര്‍ച്ചയില്‍ ധാരണയായിട്ടുണ്ടോ;

(ഡി) ഇത്തരത്തില്‍ വായ്പ സ്വീകരിക്കുന്നത് കെ.എസ്.ആര്‍. ടി.സി.യുടെ താല്‍പര്യത്തിന് ഗുണകരമായിരിക്കുമെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കില്‍ ഇത് സംബന്ധിച്ച് എന്ത് തുടര്‍നടപടികള്‍ സ്വീകരിക്കുവാന്‍ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ഡോ. പ്രകാശ് ബക്ഷി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ

*36 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, ഇ.പി. ജയരാജൻ
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രീ ടയർ ഷോർട്ട് ടേം ക്രെഡിറ്റ് സ്ട്രക്ചറിനെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ റിസർവ്വ് ബാങ്ക് നിയോഗിച്ച ഡോ. പ്രകാശ് ബക്ഷി കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശകൾ അംഗീകരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ പ്രമുഖ ശുപാർശകൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) ബി.ആർ. ആക്ടിൽ എന്തെല്ലാം ഭേദഗതികൾ റിപ്പോർട്ടിൽ നിർദ്ദേശിക്കപ്പെട്ടിരുന്നു;

(ഡി) കമ്മീഷന്റെ അന്വേഷണവിഷയങ്ങൾ എന്തൊക്കെയായിരുന്നു; സംസ്ഥാന സഹകരണ മേഖലയിൽനിന്നും കമ്മീഷൻ അഭിപ്രായം ആരാഞ്ഞിട്ടുണ്ടായിരുന്നുവോ;

(ഇ) കമ്മീഷൻ ശുപാർശകൾ അംഗീകരിക്കുന്നതിനുമുമ്പ് ഇന്ത്യയിൽ ക്രെഡിറ്റ് മേഖലയിൽ ഏറ്റവും ശക്തമായ സഹകരണ പ്രസ്ഥാനമുള്ള കേരളത്തിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടായിരുന്നുവോ;

(എഫ്) സംസ്ഥാന സർക്കാർ, അന്വേഷണവിഷയങ്ങളുമായി ബന്ധപ്പെട്ട അഭിപ്രായങ്ങൾ കമ്മീഷനെ അറിയിക്കുകയുണ്ടായോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്
<u>വൈദ്യുതി ഉല്പാദന ലക്ഷ്യം</u>

*37 ശ്രീ. കെ.ദാസൻ
,, എം. എ. ബേബി
,, വി. ചെന്താമരാക്ഷൻ
,, കെ.കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ വൈദ്യുതി ഉല്പാദന മേഖലയിലെ ലക്ഷ്യം എത്രയായിരുന്നു; ഇതിനായി എന്തു തുകയാണ് വകയിരുത്തിയിരുന്നത്;

(ബി) ലക്ഷ്യം കൈവരിച്ചതെത്രയാണ്; ഇതിൽ കുറവ് ഉണ്ടായിട്ടുണ്ടോ;

(സി) എങ്കിൽ കുറവിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഇത്തരം കുറവ് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>എമർജിംഗ് കേരളയുടെ ഭാഗമായുള്ള പദ്ധതികൾ</u>

*38 ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
,, സി. കെ. നാണു
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എമർജിംഗ് കേരളയുടെ ഭാഗമായി വിവിധ വകുപ്പുകളുടെ പരിഗണനയിൽ ഇരിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ എവിടെയൊക്കെയാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ഓൺലൈൻ പേമെന്റ് സംവിധാനം</u>

*39 ശ്രീ. വി. പി. സജീന്ദ്രൻ
,, കെ. അച്ചുതൻ
,, വി.റ്റി. ബൽറാം
,, എ.റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ് ഓൺലൈനായി അടക്കുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ സംവിധാനം വഴി ഉപഭോക്താക്കൾക്ക് ലഭിക്കുന്നത്;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>സ്കൂൾ വാഹനങ്ങളുടെ സുരക്ഷിതത്വം</u>

*40 ശ്രീ. പുരുഷൻ കടലുണ്ടി
,, വി. ശിവൻകുട്ടി
,, ആർ. രാജേഷ്
,, കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വാഹനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിർദ്ദേശിച്ച നിബന്ധനകളിൽ വീഴ്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂൾ വാഹനങ്ങളുടെ സഞ്ചാരക്ഷമതയും ഡ്രൈവർ ഉൾപ്പെടെയുള്ളവർ നിശ്ചയിക്കപ്പെട്ട യോഗ്യതയുള്ളവരാണെന്നും സർക്കാർ ഉറപ്പുവരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത വാഹനങ്ങളിൽ കയറ്റാവുന്നതിലും കൂടുതൽ വിദ്യാർത്ഥികളെ കൊണ്ടുപോകുന്നതിന്റെ ഫലമായി അപകടങ്ങൾ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സ്കൂൾ വാഹനങ്ങളുടെ വിവരങ്ങളും ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും എണ്ണവും പേര് വിവരവും സ്ഥലത്തെ പോലീസ് സ്റ്റേഷനിൽ നൽകണമെന്ന വ്യവസ്ഥ എല്ലാ വാഹന അധികൃതരും പാലിച്ചുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ഷെയർ ടാക്സി ആട്ടോ സമ്പ്രദായം

*41 ശ്രീ. വി. എസ്. സുനിൽ കുമാർ
'' ഇ. കെ. വിജയൻ
'' ചിറ്റയം ഗോപകുമാർ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഷെയർ ടാക്സി ആട്ടോ സമ്പ്രദായം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുജനാഭിപ്രായം ശേഖരിക്കാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ റിപ്പോർട്ട് സമർപ്പിക്കാൻ ഫെയർ റിവിഷൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത സമിതി ഏതെല്ലാം ജില്ലകളിൽ സിറ്റിംഗ് നടത്തിയെന്നും റിപ്പോർട്ട് എന്ന് സമർപ്പിക്കുമെന്നും വ്യക്തമാക്കുമോ;

(ഡി) ഷെയർ ടാക്സി ആട്ടോ സമ്പ്രദായത്തിന്റെ പ്രയോജനം എന്താണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>വൈദ്യുതി പദ്ധതികൾ കൈവരിച്ച നേട്ടം</u>

*42 ശ്രീ. വി. ശിവൻകുട്ടി
,, കെ. രാധാകൃഷ്ണൻ
,, കെ. കുഞ്ഞമ്മത് മാസ്റ്റർ
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാനം ലക്ഷ്യമിട്ടിരുന്ന വൈദ്യുത പദ്ധതികൾ ഏതെല്ലാമാണ്;

(ബി) എത്ര മെഗാവാട്ട് ശേഷി വർദ്ധനവാണ് ഉദ്ദേശിച്ചിരുന്നത്;

(സി) ഇതിൽ കൈവരിച്ച നേട്ടം എത്രയാണെന്ന് വിശദമാക്കുമോ;

(ഡി) ഉദ്ദേശിച്ച ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ഇ) ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 11.06.2013-ലെ മറുപടിക്ക്

<u>കടൽ മണൽ ഖനനം</u>

*T43 ശ്രീ. കെ. അജിത്
,, സി. ദിവാകരൻ
,, പി. തിലോത്തമൻ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കടൽ മണൽ ഖനനം നടത്തുന്നതിന് നയപരമായ എന്തെങ്കിലും തീരുമാനങ്ങളെടുത്തിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കടൽ മണൽ ഖനനം നടത്തുന്നതു സംബന്ധിച്ച് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് ഏതെങ്കിലും തരത്തിലുള്ള റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആ റിപ്പോർട്ടിലെ വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) കടൽ മണൽ ഖനനം മത്സ്യസമ്പത്തിനേയും മത്സ്യമേഖലയേയും തകർക്കുമെന്ന ആശങ്കയുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ആശങ്കയകറ്റുന്നതിന് എന്തു നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 11.06.2013-ലെ മറുപടിക്ക്

<u>സ്വകാര്യ ചിട്ടിക്കമ്പനികൾ</u>

*44 ശ്രീ. കെ. വി. അബ്ദുൾ ഖാദർ
,, പി. കെ. ഗുരുദാസൻ
,, ബി. സത്യൻ
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ചിട്ടിക്കമ്പനികൾ തകർച്ചയുടെ വക്കിലാണെന്ന പോലീസ് ഇന്റലിജൻസ് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ പുതിയ ചിട്ടികളിലും കുറികളിലും വരിക്കാരെ ചേർക്കുന്നതിലും പുതിയ ചിട്ടികൾ രജിസ്റ്റർ ചെയ്യുന്നതിലും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) ചില സ്ഥാപനങ്ങൾ ഇന്ത്യൻ ചിട്ടി നിയമം ബാധകമല്ലാത്ത ഹരിയാനയിലും ജമ്മുകാശ്മീരിലും ചിട്ടിക്കമ്പനികൾ രജിസ്റ്റർ ചെയ്തു സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നതായുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ചിട്ടിക്കമ്പനികൾ വരിക്കാർക്ക് നൽകി വരുന്ന വായ്പാ സംവിധാനം നിർത്തലാക്കിയിട്ടുണ്ടോ; അതിനുള്ള കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>വാണിജ്യ നികുതി പരിശോധന കേന്ദ്രങ്ങളിൽ സ്കാനിംഗ് മെഷിനുകൾ</u>

*45 ശ്രീ. ബെന്നി ബെഹനാൻ
'' വി. പി. സജീന്ദ്രൻ
'' അൻവർ സാദത്ത്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാണിജ്യ നികുതി പരിശോധന കേന്ദ്രങ്ങളിൽ സ്കാനിംഗ് മെഷിനുകൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതുമൂലം ചരക്ക് പരിശോധന കാര്യക്ഷമമാക്കാനും നികുതി വെട്ടിപ്പ് തടയാനും എത്രമാത്രം സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കേന്ദ്രത്തിൽ നിന്നും അധിക വൈദ്യുതി ലഭ്യത</u>

*46 ശ്രീ. ഇ.കെ.വിജയൻ
,, ഇ.ചന്ദ്രശേഖരൻ
,, കെ.അജിത്
,, കെ.രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളം അധിക വൈദ്യുതിക്കായി കേന്ദ്രത്തോട് ആവശ്യമുന്നയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ആവശ്യപ്പെട്ടത്; ഈ ആവശ്യത്തിന്മേൽ കേന്ദ്രഗവൺമെന്റിന്റെ പ്രതികരണം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) അധിക വൈദ്യുതി ആവശ്യമുന്നയിച്ചതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നും എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ മറുപടി ലഭ്യമാക്കുമോ;

(സി) കിഴക്കൻ മേഖലയിലെ എൻ.ടി.പി.സി. നിലയങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങാൻ അനുവദിക്കണമെന്ന കേരളത്തിന്റെ ആവശ്യം പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ബക്ഷി കമ്മീഷന്‍ റിപ്പോര്‍ട്ട്</u>

*47 ശ്രീ. ബാബു. എം. പാലിശ്ശേരി
,, ഇ. പി. ജയരാജന്‍
,, പി. ശ്രീരാമകൃഷ്ണന്‍
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ സഹകരണമേഖലയെ പൂര്‍ണ്ണമായും തകര്‍ക്കുന്ന ശുപാര്‍ശകളാണ് ബക്ഷി കമ്മീഷന്‍ റിപ്പോര്‍ട്ടിലുള്ളതെന്ന ആക്ഷേപം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ;

(ബി) സഹകരണ മേഖലയെ ദോഷകരമായി ബാധിക്കുന്ന ബക്ഷി കമ്മീഷന്‍ റിപ്പോര്‍ട്ട് നടപ്പിലാക്കാതിരിക്കാന്‍ ഈ സര്‍ക്കാര്‍ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രാഥമിക സഹകരണബാങ്കുകളില്‍ നിന്നും കാര്‍ഷിക വായ്പകള്‍ നല്‍കരുതെന്ന ശുപാര്‍ശകള്‍ നടപ്പിലാകുമ്പോള്‍ സാധാരണ ജനങ്ങള്‍ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളെ ആശ്രയിക്കേണ്ട സാഹചര്യം വരുമെന്ന ആശങ്ക പരിശോധിച്ചിട്ടുണ്ടോ; എങ്കില്‍ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ;

(ഡി) സഹകരണമേഖലയെ തകര്‍ക്കുന്നതും ഗ്രാമപ്രദേശങ്ങളിലെ സാധാരണക്കാരായ ജനങ്ങള്‍ക്ക് പ്രാദേശിക സഹകരണ സംഘങ്ങളില്‍ നിന്നും ലഭിച്ചു കൊണ്ടിരിക്കുന്ന വായ്പകള്‍ നിഷേധിക്കപ്പെടുന്നതുമായ സാഹചര്യം ഒഴിവാക്കാന്‍ ഈ സര്‍ക്കാര്‍ എന്ത് തുടര്‍ നടപടി സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള സംസ്ഥാന വിഹിതം</u>

*48 ശ്രീ. കെ.കെ.ജയചന്ദ്രൻ
,, കോടിയേരി ബാലകൃഷ്ണൻ
ശ്രീമതി കെ.എസ്.സലീഖ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രവൈദ്യുതി നിലയങ്ങളിൽ നിന്ന് സംസ്ഥാനത്തിന് ഇപ്പോൾ എത്ര യൂണിറ്റ് വൈദ്യുതിയാണ് ലഭിക്കുന്നത്;

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ വൈദ്യുതി ലഭ്യതയ്ക്ക് എന്തെങ്കിലും കുറവ് ഉണ്ടായിട്ടുണ്ടോ;

(സി) കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള വിഹിതം പൂർണ്ണതോതിൽ സംസ്ഥാനത്തിന് ലഭ്യമാകുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ അത് ലഭിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) അധിക വൈദ്യുതിക്കായി കേരളം ഉന്നയിച്ച ആവശ്യം കേന്ദ്ര സർക്കാർ തള്ളിക്കളഞ്ഞിട്ടുണ്ടോ; പ്രസ്തുത ആവശ്യങ്ങളിന്മേൽ കേന്ദ്രം നൽകിയ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ബ്ലേഡ് മാഫിയകളുടെ പ്രവര്‍ത്തനം നിയന്ത്രിക്കല്‍

*49 ശ്രീ. വി. എം. ഉമ്മര്‍ മാസ്റ്റര്‍
,, സി മമ്മൂട്ടി
,, പി. ഉബൈദുള്ള
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് അമിതപലിശ നിരോധന നിയമം നിലവില്‍ വന്നശേഷം ബ്ലേഡ് മാഫിയയുടെ പ്രവര്‍ത്തനം ഫലപ്രദമായി നിയന്ത്രിക്കാന്‍ സാധിക്കുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഈ നിയമത്തിന് അനുബന്ധ ചട്ടങ്ങള്‍ തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ എത്രയും പെട്ടെന്ന് പ്രസിദ്ധപ്പെടുത്താന്‍ നടപടി സ്വീകരിക്കുമോ ;

(സി) ഈ നിയമം നടപ്പാക്കാന്‍ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; എത്രകാലം മുമ്പുവരെയുള്ള സാമ്പത്തിക ഇടപാടുകള്‍ ഈ നിയമത്തിന്റെ പരിധിയില്‍ പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>നികുതിവെട്ടിപ്പുകൾ</u>

*50 ശ്രീമതി ഇ. എസ്. ബിജിമോൾ
ശ്രീ. വി. എസ്. സുനിൽ കുമാർ
,, വി. ശശി
,, ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നികുതിവെട്ടിപ്പുകൾ സംബന്ധിച്ചുള്ള എത്ര അന്വേഷണങ്ങൾ ധനകാര്യ വകുപ്പ് വഴി ഇപ്പോൾ നടന്നുവരുന്നുണ്ട്; ഇവയിലെല്ലാംകൂടി എത്ര കോടിയുടെ നികുതി വെട്ടിപ്പ് നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) നികുതിവെട്ടിപ്പുകൾ കണ്ടുപിടിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാം;

(സി) കണ്ടുപിടിച്ചിട്ടുള്ള നികുതിവെട്ടിപ്പുകൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ചെറുകിട സംരംഭങ്ങൾക്കായി എമർജിംഗ് കേരള</u>

*51 ശ്രീ. എം. ചന്ദ്രൻ
,, ജി. സുധാകരൻ
,, എസ്. രാജേന്ദ്രൻ
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായങ്ങൾക്കായി മറ്റൊരു എമർജിംഗ് കേരള സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച് ചെറുകിട വ്യവസായ അസോസിയേഷൻ ഭാരവാഹികളുമായി ചർച്ച നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ചെറുകിട സംരംഭകർ നേരിടുന്നതായ വിവിധപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിർദ്ദിഷ്ട ചെറുകിട എമർജിംഗ് കേരളയിൽ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ട്രാഫിക് നിയമ ക്ലാസ്സ്

*52 ശ്രീ. പി. എ. മാധവൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് മുൻപ് ട്രാഫിക് നിയമങ്ങളിൽ ക്ലാസ്സ് നിർബന്ധമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി സ്ഥിരം സമിതിയെ നിയോഗിക്കുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശങ്ങൾ നൽകുമോ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ജി. പി. എസ്. ട്രാക്കിംഗ് സിസ്റ്റം

*53 ശ്രീ.ജെയിംസ് മാത്യു
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ.എ. എം. ആരിഫ്
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി.സി ബസ്സുകൾക്ക് ജി. പി. എസ്. ട്രാക്കിംഗ് സിസ്റ്റം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതു മൂലം എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാകുമെന്ന് വിശദമാക്കാമോ;

(ബി) അയൽ സംസ്ഥാനങ്ങളിൽ എവിടെയെല്ലാം ഈ സംവിധാനം നിലവിലുണ്ട്; അവിടങ്ങളിൽ യാത്രക്കാർക്കും ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾക്കും ഈ സംവിധാനം എത്രത്തോളം പ്രയോജനപ്രദമായിട്ടുണ്ട് എന്നത് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതു സംബന്ധിച്ച് താല്പര്യപത്രം ക്ഷണിച്ചിരുന്നോ; എങ്കിൽ എപ്പോൾ; ഏതെല്ലാം സ്ഥാപനങ്ങൾ ഇതിനായി മുന്നോട്ട് വന്നിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളുമായി കെ. എസ്. ആർ. ടി. സി. ചർച്ചകൾ നടത്തിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അതിനുളള കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനുളള നോഡൽ ഏജൻസി ഏതാണെന്നും എന്ത് ചെലവാണ് ഇക്കാര്യത്തിൽ പ്രതീക്ഷിക്കുന്നതെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

സഹകരണ സ്ഥാപനങ്ങൾ സർക്കാർ ഏറ്റെടുക്കൽ

*54 ശ്രീ. സാജു പോൾ
,, കെ.കെ. നാരായണൻ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് സർക്കാർ നയം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം മേഖലയിൽ എന്തെല്ലാം നിലയിൽ പ്രവർത്തിച്ചു വരുന്ന സഹകരണ സ്ഥാപനങ്ങളെയാണ് ഏറ്റെടുത്ത് സർക്കാർ മേഖലയിൽ പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; നഷ്ടത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഏറ്റെടുക്കാൻ ഉദ്ദേശ്യമുണ്ടോ;

(സി) സർക്കാർ ഇതിനകം ഏറ്റെടുത്ത് പ്രവർത്തിപ്പിച്ചു വരുന്ന സഹകരണ സ്ഥാപനങ്ങളെക്കുറിച്ച് വിശദമാക്കാമോ;

(ഡി) സഹകരണ സ്ഥാപനങ്ങൾ സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

## കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

ഖരമാലിന്യ സംസ്കരണ വ്യവസായം

*55 ശ്രീമതി. കെ.കെ.ലതിക
ശ്രീ. സി. കൃഷ്ണൻ
,, കെ.രാധാകൃഷ്ണൻ
,, കെ.കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഖരമാലിന്യ സംസ്കരണം വ്യവസായമായി പ്രഖ്യാപിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഖരമാലിന്യത്തിൽ നിന്നും പാചകവാതകം, വൈദ്യുതി തുടങ്ങിയവ ഉല്പാദിപ്പിക്കാനുളള പദ്ധതി നടപ്പാക്കാൻ ഇതുവരെയായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഖരമാലിന്യ സംസ്കരണത്തെ വ്യവസായമായി പ്രഖ്യാപിച്ചാൽ എന്തെല്ലാം പ്രയോജനമുണ്ടാകുമെന്നാണ് വിലയിരുത്തിയിട്ടുളളതെന്ന് വിശദമാക്കുമോ;

(ഡി) വ്യവസായ പാർക്കുകളോട് അനുബന്ധിച്ച് ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>കായംകുളം താപവൈദ്യുത നിലയത്തിലേക്കുള്ള ഗ്യാസ് പൈപ്പ് ലൈൻ നിർമ്മാണം</u>

*56 ശ്രീ. എ. എം. ആരിഫ്
,, ജി. സുധാകരൻ
,, സി.കെ. സദാശിവൻ
,, എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം താപവൈദ്യുത നിലയത്തിലേക്കുള്ള ഗ്യാസ് പൈപ്പ്ലൈൻ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനെതിരെ ഉയർന്നിട്ടുള്ള ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പൈപ്പ്ലൈൻ നിർമ്മാണം മുടങ്ങുന്നത് വൈദ്യുതനിലയ വിപുലീകരണത്തെ ബാധിക്കുമോ;

(ഡി) പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി</u>

*57 ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി
,, എം.പി. വിൻസെന്റ്
,, ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഈ പദ്ധതിയുടെ നോഡൽ ഏജൻസി ആരാണ്;

(ഡി) പദ്ധതി നടപ്പാക്കാനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഇ) എത്ര യൂണിറ്റ് വൈദ്യുതിയാണ് ഈ പദ്ധതി വഴി ഗുണഭോക്താവിന് ലഭ്യമാക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>ധാതുക്കളുടെ കള്ളക്കടത്തും ദുരുപയോഗവും തടയുന്നത്</u>

*58 ശ്രീ. ലൂഡി ലൂയിസ്
,, ഷാഫി പറമ്പിൽ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധാതുക്കളുടെ കള്ളക്കടത്തും ദുരുപയോഗവും തടയുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ കീഴിൽ ടാസ്ക് ഫോഴ്സുകളെ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(സി) ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ഡി) ഏതെല്ലാം ഏജൻസികളും വകുപ്പുമായി ചേർന്നാണ് ഇത് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>പ്രകാശ മലിനീകരണം</u>

*59 ശ്രീ. എൻ. ഷംസുദ്ദീൻ
,, എം. ഉമ്മർ
,, എൻ. എ. നെല്ലിക്കുന്ന്
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രകാശ മലിനീകരണം സംബന്ധിച്ച് എന്തെങ്കിലും പഠനം നടന്നിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിയാണ് പ്രസ്തുത പഠനം നടത്തിയത് ; വ്യക്തമാക്കാമോ;

(ബി) ഏതു തരം പ്രകാശ സ്ത്രോതസ്സുകളാണ് മലിനീകരണത്തിന് കാരണമാവുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയതിനെ സംബന്ധിച്ച വിശദാംശം നല്കാമോ;

(സി) പ്രകാശ മലിനീകരണം നിയന്ത്രിക്കുന്നതിനുള്ള നിർദ്ദേശങ്ങളെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 11.06.2013-ലെ മറുപടിക്ക്

<u>വാഹനങ്ങളുടെ തീവ്ര പ്രകാശമുള്ള ഹെഡ് ലൈറ്റുകൾ</u>

*60 ശ്രീ. മുല്ലക്കര രത്നാകരൻ
  ,, കെ. അജിത്
ശ്രീമതി ഗീതാ ഗോപി
ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിലെ തീവ്ര പ്രകാശമുള്ള ഹെഡ് ലൈറ്റുകൾ അപകടങ്ങൾക്ക് ഇടയാക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) അവയുടെ പ്രകാശ തീവ്രത തിട്ടപ്പെടുത്തുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇപ്രകാരം നിരത്തിലോടുന്ന വാഹനങ്ങളെ നിയന്ത്രിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദ മാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജൂൺ 2.

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്. [ ചട്ടം 47(1)].